(സി) കേന്ദ്രസർക്കാരിന് 2002-ൽ സമർപ്പിച്ച 'പമ്പാ ആക്ഷൻ പ്ലാൻ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്' പ്രകാരം 49 വിവിധ പ്രവൃത്തികളാണ് രണ്ടാമത്തെ ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. പമ്പാനദിയുടെ ഇരുവശത്തുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ ഖരദ്രവമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വിവിധ പ്രവൃത്തികൾ, കരയിടിച്ചിൽ തടയുന്നതിനുള്ള നടപടികൾ, ഓടകളുടെ നിർമ്മാണം തുടങ്ങിയവയാണ് മേൽപ്പറഞ്ഞ 49 പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പമ്പാ ആക്ഷൻ രണ്ടാംഘട്ട പദ്ധതികളുടെ നടത്തിപ്പിന് ജനപ്രതിനിധികളുടെയും വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെയും യോഗം പത്തനംതിട്ട കളക്ടറേറ്റിൽ 2013 ജൂലൈയിൽ കൂടുകയും രണ്ടാംഘട്ട പ്രവൃത്തികളുടെ കരട് പ്രൊപ്പോസൽ ചർച്ച ചെയ്യുകയുമുണ്ടായി.

2013 ഒക്ടോബറിൽ എൻവയോൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ പ്രസ്തുത പ്രൊപ്പോസൽ ചർച്ച ചെയ്യുകയുണ്ടായി. പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രൊപ്പോസൽ അന്തിമരൂപത്തിൽ എത്തിക്കുന്നതും ഒന്നാംഘട്ടത്തിൽ നടപ്പാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും എക്സ്റ്റൻഷൻ സ്റ്റേറ്റ്മെന്റും കേന്ദ്രസർക്കാർ അംഗീകരിച്ചതിനുശേഷം പ്രൊപ്പോസൽ സമർപ്പിക്കുന്നതുമാണ്.

പമ്പാ ആക്ഷൻ പ്ലാൻ

146 (3580) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കാൻ തീരുമാനമെടുത്തത് എന്നാണ് ; ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപയാണെന്ന് പറയാമോ ; എന്തെല്ലാം പദ്ധതികളാണ് പമ്പാ ആക്ഷൻ പ്ലാനിലൂടെ വിഭാവനം ചെയ്തിരിയ്ക്കുന്നത് ;

(ബി) ആദ്യഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത് ; ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തികരിക്കാനുള്ളതെന്നും അറിയിക്കുമോ ; കാലതാമസം വന്നതിന് കാരണം വ്യക്തമാക്കാമോ ; നിശ്ചയിച്ച ഏതെങ്കിലും പ്രവൃത്തികൾ ഇനി ആരംഭിക്കാനുണ്ടോ ; എങ്കിൽ ഏതെല്ലാം ; ഇവയുടെ നിർമ്മാണം എന്നാരംഭിക്കുമെന്ന് അറിയിക്കുമോ ;

(സി) ആദ്യഘട്ടം അനുവദിച്ച തുകയിൽ എന്തെങ്കിലും ബാക്കിനിൽപ്പുണ്ടോ എങ്കിൽ എത്ര രൂപയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അടുത്ത ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത് ; എത്ര തുകയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത് ;

(ഇ) പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരിക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാം ; എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടത്താൻ പോകുന്നത് എന്ന് പഞ്ചായത്തു തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2003 മേയ് മാസം രണ്ടാം തീയതിയിലെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റിന്റെ ഉത്തരവിലൂടെയാണ് പമ്പാ ആക്ഷൻ പ്ലാൻ നിലവിൽ വന്നത്. 2002 ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച 'പമ്പ ആക്ഷൻ പ്ലാൻ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്' 319.70 കോടി രൂപ വരുന്ന വിവിധ പദ്ധതികളാണ് നിർദ്ദേശിച്ചിരുന്നത്. പുണ്യനദിയായ പമ്പയെ മാലിന്യമുക്തമാക്കുന്നതിന് പ്രധാന ഊന്നൽ നൽകി മൂന്നുഘട്ടങ്ങളിലായി 160-ഓളം ഇനം പ്രവൃത്തികളാണ് പമ്പ ആക്ഷൻ പ്ലാനിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം 70:30 എന്ന അനുപാതത്തിലാണ്.

(ബി) ആദ്യഘട്ടത്തിൽ 18.45 കോടി രൂപ ചെലവുവരുന്ന 12 ഇനം പ്രവൃത്തികൾക്കാണ് കേന്ദ്രസർക്കാർ അംഗീകാരം നൽകിയത്. ഇതുവരെ പദ്ധതി നടത്തിപ്പിനായി 2.75 കോടി രൂപ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുകയുണ്ടായി. അംഗീകരിക്കപ്പെട്ട പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇല്ല.

(ഡി) കേന്ദ്രസർക്കാരിന് 2002 ൽ സമർപ്പിച്ച 'പമ്പാ ആക്ഷൻ പ്ലാൻ' ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം 49 വിവിധ പ്രവൃത്തികളാണ് രണ്ടാമത്തെ ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. പമ്പാനദിയുടെ ഇരുവശത്തുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ ഖരദ്രവമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വിവിധ പ്രവൃത്തികൾ, കരയിടിച്ചിൽ തടയുന്നതിനുള്ള നടപടികൾ, ഓടകളുടെ നിർമ്മാണം തുടങ്ങിയവയാണ് മേൽപ്പറഞ്ഞ 49 പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പമ്പാ ആക്ഷൻ രണ്ടാംഘട്ട പദ്ധതികളുടെ നടത്തിപ്പിന് ജനപ്രതിനിധികളുടെയും വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെയും യോഗം പത്തനംതിട്ട കളക്ടറേറ്റിൽ 2013 ജൂലൈയിൽ കൂടുകയും രണ്ടാംഘട്ട പ്രവൃത്തികളുടെ കരട് പ്രൊപ്പോസൽ ചർച്ച ചെയ്യുകയുമുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2013 ഒക്ടോബറിൽ എൻവയോൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ പ്രസ്തുത പ്രൊപ്പോസൽ ചർച്ച ചെയ്യുകയുണ്ടായി. പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രൊപ്പോസൽ അന്തിമരൂപത്തിൽ എത്തിക്കുന്നതും ചെയ്യുന്നതും ഒന്നാം ഘട്ടത്തിൽ നടപ്പാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും എക്സ്പെൻഷൻ സ്റ്റേറ്റ്മെന്റും കേന്ദ്രസർക്കാർ അംഗീകരിച്ചതിനു ശേഷം പ്രൊപ്പോസൽ സമർപ്പിക്കുന്നതുമാണ്.

(ഇ) നടപ്പാക്കാൻ പോകുന്ന പദ്ധതികൾ തീരുമാനിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല.

കടൽ-കായൽ ജലശുദ്ധീകരണശാലകൾ

147 (3581) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി കടൽ-കായൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ജലഅതോറിറ്റി കടൽ-കായൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധജല ക്ഷാമം രൂക്ഷമായ തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും ജലത്തിൽ അടങ്ങിയിരിക്കുന്ന ലവണാംശങ്ങൾ മാറ്റി ശുദ്ധജലം നൽകുന്നതിനുവേണ്ടിയാണ് ഇത്തരം ശുദ്ധീകരണശാലകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly